**മധുരമായ കുട്ടികളേ - മറ്റു കൂട്ടുകെട്ടുകളെല്ലാം ഉപേക്ഷിച്ച് ഒന്നുമായി കൂട്ടുചേരൂ, സഹോദര ദൃഷ്ടിയിലൂടെ നോക്കുകയാണെങ്കിൽ ദേഹത്തെ കാണില്ല, ദൃഷ്ടി മോശമാകില്ല, വാക്കുകളിൽ ശക്തിയുണ്ടാകും**

**ചോദ്യം:-** ബാബ കുട്ടികളോടാണോ കടപ്പെട്ടിരിക്കുന്നത്, അതോ കുട്ടികൾ ബാബയോടാണോ?
**ഉത്തരം:-** നിങ്ങൾ കുട്ടികൾ അധികാരികളാണ്, ബാബ നിങ്ങളിൽ നിന്നാണ് കടം വാങ്ങിക്കുന്നത്. നിങ്ങൾ കുട്ടികൾ ദാനം നൽകുന്നു അതിനാൽ ബാബയ്ക്ക് നിങ്ങൾക്ക് നൂറിരട്ടി നൽകേണ്ടി വരുന്നു. ഈശ്വരാർത്ഥം നിങ്ങൾ എന്ത് നൽകുന്നുവോ അടുത്ത ജന്മം നിങ്ങൾക്ക് അതിന്റെ പ്രതിഫലം ലഭിക്കുന്നു. നിങ്ങൾ ഒരു പിടി അവിൽ നൽകി വിശ്വത്തിന്റെ അധികാരിയാകുന്നു നിങ്ങൾ എത്ര വിശാല ഹൃദയമുള്ളവരായി മാറണം. ഞാൻ ബാബയ്ക്ക് നൽകി, ഈ ചിന്ത പോലും ഒരിക്കലും വരരുത്.

**ഓംശാന്തി.** ഇത് പുരഷോത്തമസംഗമയുഗമാണ് എന്ന് മ്യൂസിയങ്ങളിലും പ്രദർശിനികളിലും മനസ്സിലാക്കി കൊടുക്കണം. മനസ്സിലാക്കിയത് നിങ്ങൾ മാത്രമാണ്, അതിനാൽ ഇത് പുരുഷോത്തമ സംഗമയുഗമാണ് എന്ന് എല്ലാവർക്കും എത്രത്തോളം പറഞ്ഞ് കൊടുക്കണം. ഏറ്റവും വലിയ സേവന സ്ഥലമാണ് മ്യൂസിയം. അവിടെ ധാരാളം പേർ വരുന്നു, നല്ല സേവനയുക്തരായ കുട്ടികൾ കുറവാണ്. എല്ലാ സെന്ററുകളും സർവ്വീസ് സ്റ്റേഷനാണ്. ആത്മീയ മ്യൂസിയം എന്ന് ഡൽഹിയിൽ എഴുതിവെച്ചിട്ടുമുണ്ട്. ഇതിന്റെ ശരിയായ അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങൾ ഭാരതത്തിന്റെ എന്ത് സേവനമാണ് ചെയ്യുന്നത് എന്ന് ധാരാളം പേർ ചോദിക്കാറുണ്ട്. ഭഗവാൻ പറഞ്ഞിട്ടില്ലേ - ഇത് കാടാണ് എന്ന്. നിങ്ങൾ ഈ സമയം സംഗമത്തിലാണ്. കാട്ടിലും അല്ല, പൂന്തോട്ടത്തിലും അല്ല. ഇപ്പോൾ പൂന്തോട്ടത്തിൽ പോകുന്നതിന് പുരുഷാർത്ഥം ചെയ്ത് കൊണ്ടിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ഈ രാവണ രാജ്യത്ത് രാമ രാജ്യം സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളോട് ചോദിക്കാറുണ്ട് - ഇത്രയും ചിലവിനുള്ളത് എവിടെ നിന്ന് വന്നു? പറയൂ, ഞങ്ങൾ ബി.കെ. തന്നെയാണ് നടത്തുന്നത്. രാമ രാജ്യത്തിന്റെ സ്ഥാപന നടന്ന് കൊണ്ടിരിക്കുന്നു. ഞങ്ങൾ എന്ത് ചെയ്ത് കൊണ്ടിരിക്കുന്നു, ഞങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യം എന്താണ് എന്നെല്ലാം നിങ്ങൾ ദിവസവും വന്ന് മനസിലാക്കൂ. അവർ പരമാധികാരത്തെ അംഗീകരിക്കുന്നില്ല, അതിനാൽ രാജാക്കന്മാരുടെ രാജ്യം അവസാനിപ്പിച്ചു. ഈ സമയം അവരും തമോപ്രധാനമായി അതിനാൽ മോശമായിരിക്കുന്നു. അവരിലും ഡ്രാമയനുസരിച്ച് ദോഷമില്ല. ഡ്രാമയിൽ എന്തെല്ലാം സംഭവിക്കുന്നുവോ അതെല്ലാം നമ്മൾ പാർട്ടഭിനയിക്കുന്നു. കൽപ്പ കൽപ്പം ബാബയിലൂടെ സ്ഥാപനയുടെ ഈ പാർട്ട് നടക്കുന്നു. ചിലവും നിങ്ങൾ തന്നെ നടത്തുന്നു, നിങ്ങൾക്ക് തന്നെ വേണ്ടി. ശ്രീമതമനുസരിച്ച് തന്റെ ചിലവ് ചെയ്ത് തനിക്ക് വേണ്ടി സത്യയുഗീ രാജധാനി സ്ഥാപിച്ച് കൊണ്ടിരിക്കുന്നു, മറ്റുള്ളവർക്ക് അറിയുകയില്ല. ഗുപ്തമായ യോദ്ധാക്കൾ എന്ന നിങ്ങളുടെ പേര് പ്രശസ്തമാണ്. വാസ്തവത്തിൽ ആ സേനയിൽ ഗുപ്തമായ യോദ്ധാക്കൾ ആരും തന്നെയില്ല. യോദ്ധാക്കളുടെ രജിസ്റ്റർ ഉണ്ട്. പേരും നമ്പറും രജിസ്റ്ററിലില്ലാത്തവർ ഉണ്ടാകുക സാധ്യമല്ല. വാസ്തവത്തിൽ ഗുപ്തമായ യോദ്ധാക്കൾ നിങ്ങളാണ്. നിങ്ങളുടെ പേര് ഏതൊരു രജിസ്റ്ററിലും ഇല്ല. നിങ്ങൾക്ക് യാതൊരു ആയുധ ശക്തിയുമില്ല. ഇതിൽ സ്ഥൂലമായ ഹിംസയില്ല. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തെ ജയിക്കുന്നു. ഈശ്വരൻ സർവ്വശക്തിവാനല്ലേ. നിങ്ങൾ ഓർമ്മയിലൂടെ ശക്തി എടുത്ത് കൊണ്ടിരിക്കുന്നു. സതോപ്രധാനമാകുന്നതിന് വേണ്ടി നിങ്ങൾ ബാബയുമായി യോഗം ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ സതോപ്രധാനമാകുമ്പോൾ രാജ്യവും സതോപ്രധാനമായത് വേണം. അതിനാൽ നിങ്ങൾ ശ്രീമത്തനുസരിച്ച് സ്ഥാപന ചെയ്ത് കൊണ്ടിരിക്കുന്നു. എന്താണോ കണ്ണ് കൊണ്ട് കാണാൻ സാധിക്കാത്തത് എന്നാൽ അസ്ഥിത്വമുള്ളത് അതിനെയാണ് ഗുപ്തം എന്ന് പറയുന്നത്. നിങ്ങൾക്ക് ശിവബാബയേയും ഈ കണ്ണ് കൊണ്ട് കാണാൻ സാധിക്കില്ല. നിങ്ങളും ഗുപ്തമാണ്, അതിനാൽ ശക്തിയും നിങ്ങൾ ഗുപ്തമായി എടുത്ത് കൊണ്ടിരിക്കുന്നു. ഞങ്ങൾ പതിതത്തിൽ നിന്ന് പാവനമായി കൊണ്ടിരിക്കുന്നു. പാവനമാകുന്നതിൽ തന്നെയാണ് ശക്തിയുള്ളത് എന്നും നിങ്ങൾക്കറിയാം. സത്യയുഗത്തിൽ നിങ്ങളെല്ലാവരും പാവനമായിരിക്കും. അവരുടെ 84 ജന്മത്തെ കഥതന്നെയാണ് ബാബ പറയുന്നത്. നിങ്ങൾ ബാബയിൽ നിന്ന് ശക്തി എടുത്ത്, വീണ്ടും പവിത്രമായി രാജ്യഭാഗ്യം വീണ്ടെടുക്കും. ബാഹുബലത്തിലൂടെ ആർക്കും വിശ്വത്തിൽ ജയിക്കുക സാധ്യമല്ല. ഇത് യോഗബലത്തിന്റെ കാര്യമാണ്. അവർ യുദ്ധം ചെയ്യുന്നു, രാജ്യം നിങ്ങളുടെ കൈയ്യിൽ വരും. ബാബ സർവ്വശക്തിവാനാണെങ്കിൽ ആ ബാബയിൽ നിന്ന് ശക്തി എടുക്കണം. നിങ്ങൾക്ക് ബാബയേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിയാം.

നമ്മൾ തന്നെയാണ് സ്വദർശന ചക്രധാരികളെന്ന് നിങ്ങൾക്കറിയാം. ഈ സ്മൃതിയും എല്ലാവർക്കുമില്ല. നിങ്ങൾ കുട്ടികൾക്ക് ഓർമ്മയുണ്ടാകണം, കാരണം നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് ഈ ജ്ഞാനം ലഭിക്കുന്നത്. പുറത്തുള്ളവർക്ക് ഒന്നും മനസ്സിലാവില്ല അതിനാൽ സഭയിൽ ഇരുത്തുന്നില്ല. പതിത പാവനനായ ബാബയെ എല്ലാവരും വിളിക്കുന്നു, എന്നാൽ സ്വയം പതീതരാണ് എന്ന് ആരും അറിയുന്നില്ല, പതീത പാവന സീതാറാം എന്ന് പാടി കൊണ്ടിരിക്കുന്നു. നിങ്ങളെല്ലാവരും വധുക്കളാണ് ബാബ വരനും. ബാബ വരുന്നത് തന്നെ എല്ലാവർക്കും സദ്ഗതി നൽകാനാണ്. നിങ്ങൾ കുട്ടികളെ അലങ്കരിക്കുന്നു. നിങ്ങൾക്ക് ഡബിൾ എഞ്ചിനാണ് ലഭിച്ചിരിക്കുന്നത്. റോൾസ് റോയ്സിൽ(ആഡംബര കാർ) വളരെ നല്ല എഞ്ചിനായിരിക്കും. ബാബയും അങ്ങനെയാണ്. പതീതപാവനാ വരൂ, വന്ന് ഞങ്ങളെ പാവനമാക്കി കൂടെ കൊണ്ട് പോകൂ എന്ന് പറയുന്നു. നിങ്ങളെല്ലാവരും ശാന്തിയിൽ ഇരിക്കുന്നു. കൈമണി കൊട്ടുന്നൊന്നുമില്ല. ബുദ്ധിമുട്ടുള്ള കാര്യമല്ല. നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയെ ഓർമ്മിച്ച് കൊണ്ടിരിക്കൂ, ആരെയെല്ലാം കാണുന്നുവോ അവർക്കെല്ലാം വഴി പറഞ്ഞ് കൊടുക്കൂ. ബാബ പറയുന്നു എന്റെ ഭക്തർക്ക് അല്ലെങ്കിൽ ലക്ഷ്മീ-നാരായണന്റെ, രാധാ-കൃഷ്ണന്റെ ഭക്തർക്ക് ഈ ദാനം നൽകണം, വ്യർത്ഥമായി കളയരുത്. പാത്രമറിഞ്ഞ് തന്നെ ദാനം ചെയ്യണം. പതീതരായ മനുഷ്യർ പതീതർക്ക് തന്നെ ദാനം നൽകി കൊണ്ടിരിക്കുന്നു. ബാബ സർവ്വശക്തിവാനാണ്, നിങ്ങൾ ബാബയിൽ നിന്ന് ശക്തി എടുത്ത് ഉത്തമരാകുന്നു. രാവണൻ വരുന്നത് തന്നെ ത്രേതായുഗത്തിന്റേയും, ദ്വാപരയുഗത്തിന്റേയും സംഗമത്തിലാണ്. ഇപ്പോഴുള്ള സംഗമം കലിയുഗത്തിന്റേയും സത്യയുഗത്തിന്റേയും ഇടയിലുള്ളതാണ്. ജ്ഞാനം എത്ര സമയമുണ്ട്, ഭക്തി എത്രസമയം നടക്കുന്നു - ഈ എല്ലാ കാര്യങ്ങളും സ്വയം മനസ്സിലാക്കി പിന്നീട് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം. മുഖ്യമായ കാര്യം പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുക എന്നതാണ്. പരിധിയില്ലാത്ത ബാബ വരുമ്പോൾ വിനാശവും ഉണ്ടാകുന്നു. മഹാഭാരതയുദ്ധം എപ്പോൾ ഉണ്ടായി? ഭഗവാൻ രാജയോഗം പഠിപ്പിച്ചപ്പോൾ. പുതിയ ലോകത്തിന്റെ തുടക്കവും, പഴയ ലോകത്തിന്റെ അവസാനവും അതായത് വിനാശവും ഉണ്ടാകണം എന്ന് മനസ്സിലാക്കുന്നുണ്ട്. ലോകം ഘോരമായ അന്ധകാരത്തിലാണ്, ഇപ്പോൾ അവരെ ഉണർത്തണം. അരകൽപ്പമായി ഉറക്കത്തിലാണ്. ബാബ മനസ്സിലാക്കി തരുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി സഹോദര ദൃഷ്ടിയിലൂടെ നോക്കൂ. അങ്ങനെ നിങ്ങൾ ആർക്കെങ്കിലും ജ്ഞാനം നൽകുകയാണെങ്കിൽ നിങ്ങളുടെ വാക്കുകളിൽ ശക്തി വരും. ആത്മാവ് തന്നെയാണ് പാവനവും പതിതവും ആകുന്നത്. ആത്മാവ് പാവനമാകുമ്പോൾ ശരീരവും പാവനമായത് ലഭിക്കും, ഇപ്പോൾ ലഭിക്കുകയില്ല. എല്ലാവർക്കും പാവനമാകുക തന്നെ വേണം. ചിലർ യോഗബലത്തിലൂടേയും, ചിലർ ശിക്ഷകളിലൂടേയും പാവനമായി തീരും. ഓർമ്മയുടെ യാത്രയിൽ പരിശ്രമിക്കണം. ബാബ പ്രാക്ടീസ് ചെയ്യിപ്പിച്ച് കൊണ്ടിരിക്കുന്നു. എവിടെ പോകുമ്പോഴും ബാബയുടെ ഓർമ്മയിൽ പോകൂ. പാതിരിമാർ ശാന്തമായി ക്രിസ്തുവിനെ ഓർമ്മിക്കുന്നത് പോലെ. ഭാരതീയർ അനേകം പേരെ ഓർമ്മിക്കുന്നു. ബാബ പറയുന്നു ഒരേ ഒരു ബാബയെ അല്ലാതെ മറ്റാരേയും ഓർമ്മിക്കരുത്. പരിധിയില്ലാത്ത ബാബയിലൂടെ മുക്തിയുടേയും, ജീവന്മുക്തിയുടേയും അവകാശികളാകുന്നു. സെക്കന്റിൽ ജീവന്മുക്തി ലഭിക്കുന്നു. സത്യയുഗത്തിൽ എല്ലാവരും ജീവന്മുക്തിയിലായിരുന്നു, കലിയുഗത്തിൽ എല്ലാവരും ജീവൻ ബന്ധനത്തിലാണ്. ഇത് ആർക്കും അറിയില്ല, ഈ കാര്യങ്ങളെല്ലാം ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. കുട്ടികൾ പിന്നീട് ബാബയുടെ പ്രത്യക്ഷത ചെയ്യുന്നു. ഇതിനു വേണ്ടി ചുറ്റിക്കറ ങ്ങുന്നുണ്ട്. ഇത് പുരുഷോത്തമ സംഗമയുഗമാണ് എന്ന സന്ദേശം എല്ലാവരിലും എത്തിക്കുക എന്നത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സമ്പത്ത് നൽകുന്നതിന് വന്നിരിക്കുന്നു. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. പാപം നശിക്കും. ബാബ പഠിപ്പിക്കുന്നത് സത്യമായ ഗീതയാണ്. മനുഷ്യമതത്തിലൂടെ അധ:പതിക്കുന്നു, ഭഗവാന്റെ മതത്തിലൂടെ നിങ്ങൾ സമ്പത്ത് എടുത്ത് കൊണ്ടിരിക്കുന്നു. മുഖ്യമായ കാര്യം ഇതാണ്-നിൽക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും, ചുറ്റിക്കറങ്ങുമ്പോഴും ബാബയെ ഓർമ്മിച്ച് കൊണ്ടിരിക്കൂ, പരിചയം നൽകി കൊണ്ടിരിക്കൂ . ബാഡ്ജും നിങ്ങളുടെ കൈകളിൽ ഉണ്ട്, സൗജന്യമായി നൽകാം എന്നാൽ പാത്രമറിഞ്ഞ് കൊടുക്കണം.

ബാബ കുട്ടികളോട് പരാതി പറയുന്നു നിങ്ങൾ ലൗകീക അച്ഛനെ ഓർമ്മിക്കുന്നു പാർലൗകീക അച്ഛനായ എന്നെ മറക്കുന്നു. ലജ്ജ തോന്നുന്നില്ലേ. നിങ്ങൾ തന്നെയാണ് പവിത്രമായ പ്രവൃത്തിമാർഗത്തിലെ ഗൃഹസ്ഥ വ്യവഹാരത്തിൽ ഉണ്ടായിരുന്നത്, ഇപ്പോൾ വീണ്ടും അങ്ങനെയാകണം. നിങ്ങൾ ഭഗവാന്റെ വ്യാപാരികളാണ്. ബുദ്ധി എവിടേയും അലയുന്നില്ലല്ലോ എന്ന് തന്റെ ഉള്ളിലേക്ക് നോക്കൂ. ബാബയെ എത്ര സമയം ഓർമ്മിച്ചു? ബാബ പറയുന്നു മറ്റെല്ലാ സംഗങ്ങളും വേർപെടുത്തി ഒരു സംഗം ചേരൂ. തെറ്റ് ചെയ്യരുത്. സഹോദര ദൃഷ്ടിയിലൂടേ നോക്കുകയാണെങ്കിൽ ദേഹം കാണില്ല എന്നും മനസിലാക്കിതന്നിട്ടുണ്ട്. ദൃഷ്ടി മോശമാകില്ല. ലക്ഷ്യമില്ലേ. ഈ ജ്ഞാനം ഇപ്പോഴാണ് നിങ്ങൾക്ക്

ലഭിക്കുന്നത്. സഹോദര-സഹോരനെന്ന് എല്ലാവരും പറയുന്നുണ്ട്, ബ്രദർഹുഡ് എന്ന് മനുഷ്യർ പറയാറുണ്ട്. ഇത് ശരിയാണ്. പരംപിതാ പരമാത്മാവിന്റെ മക്കളാണ് നമ്മൾ. പിന്നെന്തുകൊണ്ടാണ് ഇവിടെ ഇരിക്കുന്നത്? ബാബ സ്വർഗത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്, അപ്പോൾ ഇങ്ങനെ ഇങ്ങനെ മനസിലാക്കി കൊടുത്ത് ഉന്നതി പ്രാപ്തമാക്കി കൊണ്ടിരിക്കൂ. ബാബയ്ക്ക് സേവനയുക്തരായ പെൺകുട്ടികളെ ധാരാളം ആവശ്യമുണ്ട്. സെന്ററുകൾ തുറക്കുന്നുണ്ട്. കുട്ടികൾക്ക് താൽപ്പര്യവും ഉണ്ട്, വളരെ പേർക്ക് മംഗളമുണ്ടാകും എന്ന് മനസിലാക്കുന്നു. എന്നാൽ ടീച്ചർമാരാകുന്നതിന് നല്ല മഹാരഥികൾ വേണം. ടീച്ചർമാരും സംഖ്യാക്രമത്തിലാണ്. ബാബ പറയുന്നു എവിടെയാണോ ലക്ഷ്മീ-നാരായണന്റെ ക്ഷേത്രം, ശിവന്റെ ക്ഷേത്രം, ഗംഗയുടെ തീരം, എവിടെ വളരെ തിരക്കുണ്ടോ അവിടെയെല്ലാം പോയി സേവനം ചെയ്യണം. കാമം മഹാശത്രുവാണെന്ന് ഭഗവാൻ പറയുന്നു എന്ന് മനസിലാക്കി കൊടുക്കണം. നിങ്ങൾ ശ്രീമതമനുസരിച്ച് സേവനം ചെയ്ത് കൊണ്ടിരിക്കൂ. ഇത് നിങ്ങളുടെ ഈശ്വരീയ പരിവാരമാണ്, ഇവിടെ 7 ദിവസം ഭട്ഠിയിൽ വന്ന് പരിവാരത്തോടൊപ്പം ഇരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് വളരെ സന്തോഷം തോന്നണം. അതിലൂടെ പരിധിയില്ലാത്ത ബാബ നിങ്ങളെ കോടികോടി മടങ്ങ് ഭാഗ്യശാലികളാക്കുന്നു. ഭഗവാനും പഠിപ്പിക്കാൻ സാധിക്കുമെന്ന് ആളുകൾക്കറിയില്ല. നിങ്ങളിവിടെ പഠിക്കുന്നു അപ്പോൾ നിങ്ങൾക്ക് എത്ര സന്തോഷം തോന്നണം. ഞങ്ങൾ ഉയർന്നതിലും ഉയർന്നവരാകുന്നതിന് വേണ്ടി പഠിച്ച് കൊണ്ടിരിക്കുന്നു. എത്രവിശാല ഹൃദയമുള്ളവരായി തീരണം. ബാബയെ നിങ്ങൾ കടക്കാരനാക്കുന്നു. ഈശ്വരാർത്ഥം എന്ത് നൽകുന്നുവോ അടുത്ത ജന്മം അതിന്റെ പ്രതിഫലം എടുക്കുന്നില്ലേ. ബാബയ്ക്ക് നിങ്ങൾ എല്ലാം കൊടുത്തു എങ്കിൽ ബാബക്കും നിങ്ങൾക്ക് എല്ലാം നൽകേണ്ടി വരും. ഞാൻ ബാബയ്ക്ക് നൽകി എന്ന ചിന്ത ഒരിക്കലും വരരുത്. ഞാൻ ഇത്രയും കൊടുത്തു, എനിക്ക് എന്ത് കൊണ്ട് ബഹുമാനം ലഭിക്കുന്നില്ല - ഇങ്ങനെ വളരെ പേരുടെ ഉള്ളിലുണ്ട്. നിങ്ങൾ ഒരു പിടി അവിൽ നൽകി വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടുന്നു. ബാബ ദാതാവല്ലേ. രാജാക്കന്മാർ റോയലാണ്, മുമ്പെല്ലാം കൂടികാഴ്ച സമയത്ത് കാഴ്ച വെക്കുമായിരുന്നു, അവർ ഒരിക്കലും കൈകൊണ്ട് വാങ്ങിയിരുന്നില്ല. സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകും. ശിവബാബയും ദാതാവല്ലേ, ബാബയെങ്ങനെ വാങ്ങും. ഇത് പരിധിയില്ലാത്ത അച്ഛനല്ലേ. ഈ ബാബയുടെ മുന്നിൽ നിങ്ങൾ കാഴ്ച വെക്കുന്നു. എന്നാൽ ബാബ പകരം 100 ഇരട്ടി നൽകുന്നു. അതിനാൽ ഞാൻ നൽകി എന്ന ചിന്ത ഒരിക്കലും വരരുത്. ഞാൻ എടുത്തു കൊണ്ടിരിക്കുകയാണ് എന്ന് എപ്പോഴും മസ്സിലാക്കൂ. അവിടെ നിങ്ങൾ കോടി-കോടി പതിയാകും. നിങ്ങൾ പ്രാക്ടിക്കലിൽ കോടി-കോടി ഭാഗ്യശാലിയാകുന്നു. ധാരാളം വിശാല മനസ്കരായ കുട്ടികളുമുണ്ട്. ചില പിശുക്കൻമാരുമുണ്ട്. ഞങ്ങൾ കോടി-കോടിപതിയായി മാറുന്നു, ഞങ്ങൾ വളരെ സുഖികളാകുന്നു എന്ന് മനസിലാക്കുന്നില്ല. പരമാത്മാ പിതാവ് പരോക്ഷമായി ഹാജരാകുമ്പോൾ പരോക്ഷമായി അൽപ്പകാലത്തേക്കുള്ള ഫലം നൽകുന്നു. നേരിട്ട് ഹാജരാകുമ്പോൾ 21 ജന്മത്തേക്കുള്ള ഫലവും നൽകുന്നു. ശിവബാബയുടെ ഭണ്ഡാരം നിറഞ്ഞിരിക്കും എന്ന് മഹിമ പാടാറുണ്ട് നോക്കൂ ധാരാളം കുട്ടികളുണ്ട്, ആര് എന്ത് നൽകുന്നു എന്ന് ആർക്കും അറിയില്ല. എന്നാൽ ബാബക്കും, തന്റെ രഥമായ തികച്ചും സാധാരണമായിരിക്കുന്ന ബ്രഹ്മാബാബയ്ക്കും അറിയാം ഈ കാരണത്താൽ കുട്ടികൾ ഇവിടെ നിന്നും പുറത്തിറങ്ങിയാൽ ആ ലഹരി മങ്ങി പോകുന്നു. ജ്ഞാനയോഗമില്ലെങ്കിൽ ഇളക്കങ്ങൾ ഉണ്ടായി കൊണ്ടിരിക്കും. നല്ല നല്ല കുട്ടികളെ പോലും മായ പരാജയപ്പെടുത്തുന്നു. മായ മുഖം തിരിപ്പിക്കുന്നു. ആരുടെ അടുക്കലാണോ നിങ്ങൾ വരുന്നത് ആ ശിവബാബയെ നിങ്ങൾക്ക് ഓർമ്മിക്കാൻ സാധിക്കുന്നില്ല. ഉള്ളിൽ വളരെ സന്തോഷമുണ്ടാകണം. അങ്ങ് വരികയാണെങ്കിൽ ഞങ്ങൾ അങ്ങയുടേതാകും എന്ന് ആരെക്കുറിച്ചാണോ പറയുന്നത്, ആ ദിവസം വന്നിരിക്കുന്നു. ഭഗവാൻ വന്ന് ദത്തെടുക്കുകയാണെങ്കിൽ എത്ര സന്തുഷ്ടനാകണം. എത്ര സന്തോഷത്തോടെ ഇരിക്കണം എന്നാൽ മായ സന്തോഷം നഷ്ടപ്പെടുത്തുന്നു. ശരി !

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ഭഗവാൻ നമ്മളെ ദത്തെടുത്തു, ആ ഭഗവാൻ തന്നെ നമ്മളെ ടീച്ചറായി പഠിപ്പിക്കുന്നു, തന്റെ കോടി കോടി മടങ്ങ് ഭാഗ്യത്തിന്റെ സ്മരണയിൽ സന്തോഷത്തോടെ ഇരിക്കണം.

2. നമ്മൾ ആത്മാക്കൾ സഹോദരങ്ങളാണ്, ഈ ദൃഷ്ടി പക്കയാക്കണം. ദേഹത്തെ നോക്കരുത്. ഭഗവാനുമായി നിശ്ചയം കഴിഞ്ഞതിന് ശേഷം പിന്നീട് ബുദ്ധിയെ അലയാൻ അനുവദിക്കരുത്.

## വരദാനം:-ഈ അലൗകിക ജീവിതത്തിൽ സംബന്ധത്തിന്റെ ശക്തിയിലൂടെ അവിനാശി സ്നേഹവും സഹയോഗവും പ്രാപ്തമാക്കുന്ന ശ്രേഷ്ഠ ആത്മാവായി ഭവിക്കട്ടെ.

ഈ അലൗകിക ജീവിതത്തിൽ സംബന്ധത്തിന്റെ ശക്തി താങ്കൾ കുട്ടികൾക്ക് ഡബിൾ രൂപത്തിൽ പ്രാപ്തമാണ്. ഒന്ന് ബാബയിലൂടെയുള്ള സർവ്വ സംബന്ധം, രണ്ട്, ദൈവീക പരിവാരത്തിലൂടെയുള്ള സംബന്ധം. ഈ സംബന്ധത്തിലൂടെ സദാ നിസ്വാർത്ഥ സ്നേഹവും അവിനാശി സ്നേഹവും സഹയോഗവും പ്രാപ്തമായിക്കൊണ്ടിരിക്കുന്നു. അതിനാൽ താങ്കളുടെ കൈവശം സംബന്ധത്തിന്റെയും ശക്തിയുണ്ട്. അങ്ങിനെയുള്ള ശ്രേഷ്ഠ അലൗകിക ജീവിതമുള്ള ശക്തി സമ്പന്ന വരദാനി ആത്മാക്കളാണ്, അതിനാൽ പരാതി പറയുന്നവരല്ല, സദാ വിട്ടുവീഴ്ചാ മനോഭാവമുള്ളവരാകൂ.

## സ്ലോഗൻ:- ഏതൊരു ആസൂത്രണവും വിദേഹിയും സാക്ഷിയുമായി ചിന്തിക്കൂ, ഒപ്പം നിശ്ചിന്ത സ്ഥിതിയിൽ തുടരൂ.